# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3997 24.08.2017 -ലെ മറുപടി

## നദീതീരങ്ങളുടെ സംരക്ഷണ ഭിത്തി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നദീതീരങ്ങളുടെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ; | (എ) നദീതീരങ്ങളുടെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് വെള്ളപ്പൊക്ക നിയന്ത്രണം(Flood Control), വെള്ളപ്പൊക്ക കെടുതി (Flood Damage), കുട്ടനാട് വികസന പദ്ധതി (Kuttanad Development Scheme) എന്നീ പദ്ധതികളിലുൾപ്പെടുത്തിയാണ് നിലവിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചുവരുന്നത്. |
| (ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കൂടി കടന്നുപോകുന്ന പമ്പാ നദിയുടെ തീരങ്ങൾ ഇടിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇത് ഒഴിവാക്കാൻ സംരക്ഷണഭിത്തി കെട്ടണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനങ്ങളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;<br>(ഡി) ഈ ഭാഗത്തെ തീരങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണ ഭിത്തി നിർമ്മിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) യും (ഡി) യും പമ്പാ നദിയുടെ തീരങ്ങൾ ഇടിഞ്ഞു പോകുന്നതുമായി ബന്ധപ്പെട്ട നിവേദനങ്ങൾ സംബന്ധിച്ച് ഫീൽഡ് ഓഫീസർമാർ സ്ഥല സന്ദർശനം നടത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രവർത്തികളുടെ പ്രാധാന്യവും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ പാണ്ടനാട് കടവ് റോഡിന് സമീപമുള്ള പമ്പാ നദിയുടെ തീരം സംരക്ഷിക്കുന്നതിന് 58.25 ലക്ഷം രൂപയുടെ 2 പ്രവർത്തികൾ ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ